ദിവസത്തിനകം ടയറുകളെല്ലാം കൊടുക്കും. അതിനുള്ള ഏർപ്പാടുകളെല്ലാം ചെയ്തുകഴിഞ്ഞു. അവിടുത്തെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: ഞാൻ പറഞ്ഞത് സത്യവിരുദ്ധമാണെന്ന് പറയുന്നത് ശരിയല്ല. എങ്കിലും അടുത്ത ചോദ്യം ഞാൻ ചോദിക്കുകയാണ്. ഇവിടെ റെയിൽവേ സൗകര്യം ഇല്ല. പ്രൈവറ്റ് ബസ് ഇല്ല. കെ. എസ്. ആർ. ടി. സി. മാത്രമാണ് ഈ മൂന്ന് പ്രദേശങ്ങളിലും ഉള്ളവർക്ക് അവലംബമായിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ പുതിയ ബസ് അലോട്ട് ചെയ്യുമ്പോഴും പ്രയോറിറ്റി അവിടെ കൊടുത്തിട്ടില്ല. നെയ്യാറിൻകരയിൽ റെയിൽവേ സൗകര്യമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയും ഞാനും അതിന് അനുകൂലമാണ്, പക്ഷേ കെ.എസ്. ആർ.ടി.സി. മാത്രം ഏകആവലംബമായിട്ടുള്ള ഈ പ്രദേശങ്ങളിൽ പുതിയ ബസ്സുകൾ അലോട്ട് ചെയ്യുന്ന കാര്യത്തിൽ ചെറിയ ലിനിയൻസി ബഹുമാനപ്പെട്ട മന്ത്രി കാണിക്കുമോ? അവിടെയുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള ചെറിയ ഏർപ്പാട് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: നെടുമങ്ങാടിന്റെ യാത്രാക്ലേശം ഗവൺമെന്റിന് ബോദ്ധ്യമുണ്ട്. ഇതിനകംതന്നെ പത്തുപന്ത്രണ്ട് ബസ്സുകൾ കൊടുത്തു. പുതിയ ബസ് വരുമ്പോൾ അനുവദിക്കുന്നതാണ്.

ശ്രീ. കെ. പങ്കജാക്ഷൻ: കാട്ടാക്കട സബ്ഡിപ്പോയിൽനിന്നും ഓപ്പറേറ്റു ചെയ്തിരുന്ന 63 ഷെഡ്യൂളുകളിൽ ഏതാണ്ട് പകുതിയോളം മാത്രമേ ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുള്ളു എന്നുള്ളതും ടയർ ഇല്ലായ്മയും മറ്റുമാണ് വണ്ടികൾ ഓടിക്കാതെ ഇരിക്കുന്നതിനു കാരണം എന്നുള്ളതും വസ്തുതയാണ്. അതിൽ പ്രതിഷേധിച്ച് അവിടെ വിദ്യാർത്ഥികളും മറ്റും ബസ് തടഞ്ഞ് പ്രക്ഷോഭണം ഉണ്ടാക്കിയതും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ദീർഘദൂര സർവ്വീസുകളുടെ കാര്യമൊക്കെ അങ്ങു പറഞ്ഞു. കാട്ടാക്കട–കന്യാകുമാരി നെടുമങ്ങാട്– കോതയാർ എന്നൊക്കെ പറഞ്ഞു. പക്ഷേ വിദ്യാർത്ഥികൾക്കും തിരുവനന്തപുരത്തുള്ള പല ഓഫീസുകളിൽവന്നും പോയും ഇരിക്കുന്നവർക്കും ഉള്ള സൗകര്യം പരിഗണിച്ച് അംഗീകൃതമായിട്ടുള്ള ഷെഡ്യൂളുകൾ പൂർണ്ണമായി ഓടിക്കുന്നതിന് ആവശ്യമായ ടയറുകളും മറ്റു സ്പെയർ പാർട്ടുകളും നൽകുന്നതിനും കൂടുതൽ ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനും സൗകര്യം ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: ഇതിനകം തന്നെ കുറേ ടയർ കൊടുത്തു. ഏതാനും ദിവസങ്ങൾക്കകത്ത് അത് പൂർണ്ണമായും പരിഹരിക്കുന്നതാണ്.

റോഡപകടങ്ങൾ

*(4) ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വർഷം (1985 ജനുവരി 1-ന് ശേഷം) എത്ര റോഡപകടങ്ങൾ ഉണ്ടായിട്ടുണ്ട്; എത്രപേർ ഇതുമൂലം മരിച്ചു;

(സി) റോഡപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് എന്തെല്ലാം പരിഹാരമാർഗ്ഗങ്ങളാണ് ഗവൺമെന്റ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) ഉണ്ട്.

(ബി) റോഡപകടങ്ങൾ 6632. മരിച്ചവർ 1670, മുറിവേറ്റവർ 12406.

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി വാഹനങ്ങളുടെ പരിശോധന കാര്യക്ഷമമാക്കിയിട്ടുണ്ട്. 15 വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന ആർ. റ്റി. ഒ. മാരും ജോയിന്റ് ആർ. റ്റി. ഒ. മാരും 10-നും 15-നും ഇടയ്ക്ക് പഴക്കമുള്ള വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും 10 വർഷത്തിനകം നിർമ്മിച്ചവ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും ആണ് നടത്തുന്നത്. കെ. എസ്. ആർ. ടി. സി. യെ സംബന്ധിച്ചിടത്തോളം ഡ്രൈവർമാർക്ക് ആവശ്യമായ പരിശീലനം നൽകാനുള്ള ഏർപ്പാട് ഇപ്പോഴത്തന്നെ നിലവിലുണ്ട്. കൂടാതെ ഓവർ സ്പീഡ് നിയന്ത്രിക്കുന്നതിനും തദ്വാരാ റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് എല്ലാ ഫാസ്റ്റ് എക്സ്പ്രസ്സുകളിലും സ്പീഡ് നിയന്ത്രണ ഉപകരണം ഘടിപ്പിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. കെ. കെ. തോമസ്: ഇടുക്കിജില്ലയിൽ റോഡപകടങ്ങൾ ഇന്നൊരു തീരാശാപമായി മാറിയിരിക്കുകയാണ്. കഴിഞ്ഞ 10 വർഷത്തിനകം റോഡപകടങ്ങളിൽ 500-ൽപ്പരം പേർ മരിക്കുകയും ബസ്സും ലോറിയും ജീപ്പും ഒക്കെ വലിയ കൊക്കയിലേയ്ക്ക് മറിഞ്ഞതിന്റെ ഫലമായി മാനസിക നില തകർന്നവരും അംഗഭംഗം സംഭവിച്ചവരും ആരോഗ്യം ക്ഷയിച്ചവരുമായ അധികംപേർ ഇന്ന് മരിച്ചു ജീവിച്ചുകൊണ്ടിരിക്കുകയാണ്. ഇടുക്കി ജില്ലയിലെ ഈ ദുരന്തം ഒഴിവാക്കുന്നതിനുവേണ്ടി ഒരു വിദഗ്ദ്ധ സംഘത്തെക്കൊണ്ട് പരിശോധന നടത്തി ആ വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: ഇതുവരെ അതൊന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. പരാതി തന്നാൽ എന്തൊക്കെ ചെയ്യാനൊക്കും എന്നുള്ളതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. കെ. കെ. തോമസ്: പരാതി തന്നാൽ എന്നു പറഞ്ഞതിൽ ഖേദമുണ്ട്. ഈ റോഡപകടങ്ങൾ ഇടുക്കി ജില്ലയിലെ ഒരു തീരാശാപമായിത്തീർന്നിരിക്കുകയാണ്. കഴിഞ്ഞ 14-ാം തീയതി കത്തിപ്പാറയിൽ കൊക്കയിലേയ്ക്ക് മറിഞ്ഞ ബസ് മലയുടെ അടിവാരത്തിൽ നിന്ന് തിരിച്ച് മലയുടെ നിറുകയിലേയ്ക്ക് വരുകയായിരുന്നു. അതിൽ 130-ൽപ്പരം യാത്രക്കാർ ഉണ്ടായിരുന്നു. മണ്ണിടിഞ്ഞു വീണാണ് കൊക്കയിലേയ്ക്ക് മറിഞ്ഞത്. ബലക്ഷയം പരിശോധിക്കുന്നതിനോ വളവുകളിൽപോലും ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. ഇതൊരു വലിയ ദുരിതം എന്ന നിലയിൽ കണ്ടുകൊണ്ട് ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. സുന്ദരൻ നാടാർ: അതിന് അടിയന്തിര നടപടി എടുത്തിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് സമർപ്പിക്കാൻ ഒരാളിനെ നിയമിച്ചിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: റോഡപകടങ്ങൾ വർദ്ധിച്ചു വരുകയാണ്. അതിന്റെ കാരണം ഡ്രൈവിംഗ് ലൈസൻസിന്റെ സമ്പ്രദായമാണ്. അതൊന്നു പരിശോധിക്കുവാൻ നടപടി ഉണ്ടാകുമോ? ആർ. ടി. ഒ. ഓഫീസിൽ ഒരു നിശ്ചിത തുക കൊടുത്താൽ ആർക്കും ഡ്രൈവിംഗ് ലൈസൻസ് കിട്ടും. അതല്ലാതെ ഡ്രൈവിംഗ് അറിയാമോ എന്നു നോക്കിയിട്ടല്ല കൊടുക്കുന്നത്. ആ വ്യവസ്ഥ മാറാൻ വല്ല വിജിലൻസ് ഏർപ്പാടും ഉണ്ടാക്കുമോ? അതുപോലെ തന്നെ ഡ്രൈവർമാർ ഡ്യൂട്ടിക്ക് ഹാജരാകുമ്പോൾ അവർ മദ്യപിച്ചിട്ടുണ്ടോ, ഇല്ലയോ, അവർക്ക് വണ്ടി ഓടിക്കാൻ ആരോഗ്യം ഉണ്ടോ എന്ന് ടെസ്റ്റ് ചെയ്യുന്നതിന് കെ. എസ് ആർ. ടി. സി. യിൽ എങ്കിലും ഒരു സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: അതിന് ഇപ്പോഴത്തന്നെ ചില സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതിനെക്കുറിച്ച് കർക്കശമായിട്ട് അന്വേഷിക്കുകയും നടപ്പിലാക്കുകയും ചെയ്യും.

ശ്രീ. ജോസ് കുറ്റ്യാനി: കത്തിപ്പാറയിൽ ബസ് അപകടംമൂലം 14 ആളുകൾ മരിക്കുകയും നിരവധി ആളുകൾക്ക് പരിക്ക് ഏൽക്കുകയും ചെയ്തു. ആ അപകടം ഉണ്ടാകാൻ തന്നെ കാരണം വേണ്ടത്ര കണ്ടീഷൻ ഇല്ലാത്ത വണ്ടിയ്ക്ക് പെർമിറ്റ് കൊടുത്തതും വണ്ടി മറിയാൻ സമയം ആയപ്പോൾ വണ്ടിയിലെ ഡ്രൈവർ വണ്ടിയിൽനിന്നും ചാടി രക്ഷപ്പെട്ടു പോയതുകൊണ്ടുമാണ് എന്നാണ് ഞാൻ കരുതുന്നത്. അതുകൊണ്ട് പെർമിറ്റ് കൊടുക്കുന്നത് വേണ്ടത്ര കണ്ടീഷൻ ഉള്ള വണ്ടിയാകുന്നതിനു വേണ്ടി മോട്ടോർ വെഹിക്കിൾസ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുക്കുകയും അതുപോലെതന്നെ ഹെവി ലൈസൻസ് കൊടുക്കുന്നത് വളരെയേറെ പരിചയം ഉള്ള ആളുകൾക്കും വേണ്ടത്ര മാനസിക അവസ്ഥ ഉള്ളവർക്കും ആകുന്നതിന് ആവശ്യമുള്ള നിർദ്ദേശം മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിന് കൊടുക്കാൻ മന്ത്രി തയ്യാറാകുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: അതിനാവശ്യമായ നിർദ്ദേശങ്ങൾ ഇതിനകം തന്നെ നൽകികഴിഞ്ഞിരിക്കുന്നു.

ടയർ ക്ഷാമം

(*15) ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം ആഗസ്റ്റ് 1-ാം തീയതി മുതൽ ടയർ ക്ഷാമം കൊണ്ടുമാത്രം എത്ര കെ. എസ്. ആർ. ടി. സി. ഷെഡ്യൂളുകൾ പ്രതിദിനം നടത്താൻ കഴിയാതെ വന്നിട്ടുണ്ട്;

(ബി) ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചു?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) ടയർ ഇല്ലാത്തതുകൊണ്ടുമാത്രം ശരാശരി 400 ഓളം ബസ്സുകൾ പ്രതിദിനം റോഡിൽ ഇറക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. ഇതു

LIBRARY ARCHIVES Kerala Legislative Assembly